LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂരിലെ വഞ്ചിക്ലേമൈൻസ് വക ഭൂമി

268 (617) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂരിലെ വഞ്ചിക്ലേമൈൻസ് വക ഭൂമി കേഡസ് എന്ന സ്ഥാപനത്തിന് പാട്ടത്തിന് നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാട്ടക്കാരൻ പാട്ടവ്യവസ്ഥകൾ ലംഘിച്ചാണ് ഭൂമി കൈവശം വച്ചിരിക്കുന്നുവെന്നതിനാൽ പാട്ടം റദ്ദു ചെയ്ത ഭൂമി തിരികെ എടുക്കണമെന്ന് ആവശ്യപ്പെട്ട് ചാത്തന്നൂർ കേന്ദ്രീകരിച്ചുള്ള ആക്ഷൻ കൗൺസിൽ അപേക്ഷ നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; അന്വേഷണത്തിൽ പാട്ടവ്യവസ്ഥകൾ ലംഘിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സർക്കാർ ഇക്കാര്യം അന്വേഷിച്ചു വരുന്നു.

മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റ്

269 (618) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ സിമന്റിന്റെ ചേർത്തല യൂണിറ്റ് വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് പ്രവർത്തനം പുനരാംഭിച്ചതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത യൂണിറ്റിന്റെ ഉത്പാദന ക്ഷമത എത്രയാണ് ; യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ ക്ലിങ്കർ-ന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത യൂണിറ്റിൽ നിന്നുമാത്രം പ്രതിവർഷം പ്രതീക്ഷിക്കുന്ന ലാഭം എത്രയാണ് ;

(ഡി) മലബാർ സിമന്റ്സ് കൊച്ചി ഇറമുഖത്ത് സിമന്റ് ലോജിസ്റ്റിക്സ് ഹബ്ബ് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ യൂണിറ്റിന്റെ പ്രവർത്തനോദ്ദേശ്യം അറിയിക്കാമോ ;

(ഇ) ചേർത്തല യൂണിറ്റിന്റെയും നിർദ്ദിഷ്ട ഹബ്ബിന്റെയും ഭാവി പ്രതിസന്ധികൾ എന്തെല്ലാമാവാമെന്നതിനെക്കുറിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ഭാവി പദ്ധതികളാണ് ഈ യൂണിറ്റുകൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റ് 2015 മാർച്ച് മാസം മുതൽ പുനരാരംഭിക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായി വരുന്നു.

(ബി) മൂന്നു ഷിഫ്റ്റ് പ്രവർത്തനം വഴി പരമാവധി 900 മെട്രിക് ടൺ സിമന്റ് ഉൽപാദിപ്പിക്കാൻ കഴിയും. ഒരു വർഷത്തേക്ക് ആവശ്യമായ ക്ലിങ്കർ ആഗോള ടെണ്ടർ മുഖേന ലഭ്യമാക്കുവാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 27000 മെട്രിക്ക് ടൺ ക്ലിങ്കർ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഇറമുഖത്ത് എത്തിയിട്ടുണ്ട്.

(സി) ചേർത്തല യൂണിറ്റിൽ നിന്നും 10 കോടി രൂപയോളം വാർഷിക ലാഭം പ്രതീക്ഷിക്കുന്നു.

(ഡി) ഉണ്ട്. കൊച്ചിൻ പോർട്ട് ട്രസ്റ്റിലുള്ള ലോജിസ്റ്റിക് ഹബ് ചേർത്തല യൂണിറ്റിനും വാളയാർ പ്ലാന്റിനും അത്യന്തം സഹായകരമാണ്. നിർമ്മാണ മേഖലക്ക് ഉണകരമാകുന്ന രീതിയിൽ മണൽ ഇറക്കുമതി ചെയ്ത് വിൽപ്പന നടത്തുവാനുള്ള സാദ്ധ്യതയുമുണ്ട്.

(ഇ) ഉണ്ട്. ക്ലിങ്കർ, മേന്മയുള്ള ഫ്ലൈ ആഷ്, സ്ലാഗ് എന്നിവ കിട്ടാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. ആയതിന്റെ ലഭ്യത ഉറപ്പു വരുത്തിയിട്ടുള്ളത് വിപണിയിലെ സ്വീകാര്യതക്ക് സഹായകരമാണ്. വാളയാർ പ്ലാന്റിൽ നിന്നുള്ള ജീവനക്കാരെ പുതിയ യൂണിറ്റിലേക്കും നിർദ്ദിഷ്ട ഹബ്ബിലേക്കും പുനർവിന്യാസം ചെയ്യുന്നത് കൊണ്ട് ശമ്പള ഇനത്തിൽ ചെലവ് കുറയും.

മാവൂരിലെ ഗ്രാസിം ഭൂമി

270 (619) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാസിം മാനേജ്മെന്റ് മാവൂരിലെ ഗ്രാസിം ഭൂമിയിൽ എന്തെങ്കിലും വ്യവസായ പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly